"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം ജില്ല- വാഴൂർ ഗ്രാമപഞ്ചായത്ത് -**'കുട്ടികളുടെ പാർക്ക്- നക്ഷത്രജലോത്സവം'**- കുട്ടികളുടെ പാർക്കിന്റെ അനുബന്ധ പ്രവർത്തനങ്ങൾ നിർമ്മിതികേന്ദ്രം വഴി നടത്തിയ പ്രവൃത്തിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.739/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

പരാമർശം:-

1. വാഴൂർ ഗ്രാമഞ്ചായത്ത് ഭരണ സമിതിയുടെ 17.12.2024 ലെ 4-ാം നമ്പർ തീരുമാനം
2. വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.2024 ലെ SC1-3000/24 -ാം നമ്പർ കത്ത്
3. 30.01.2025 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.6 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ഗ്രാമീണ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നക്ഷത്രജലോത്സവ വേദിയിൽ കുട്ടികളുടെ പാർക്കും അനുബന്ധ സൗകര്യവും ഏർപ്പെടുത്തുന്നതിന് 2024-25 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി( പ്രോജക്ട് നം.183/25), **'കുട്ടികളുടെ പാർക്ക്- നക്ഷത്രജലോത്സവം'** എന്ന പേരിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. പ്രസ്തുത പ്രോജക്ടിന് ചുവടെ ചേർക്കും പ്രകാരമാണ് തുക വകയിരുത്തിയിരുന്നത്.

| | | |
|---|---|---|
| പ്രോ.നം. 183/25 | അടങ്കൽ | 21,66,860 രൂപ |
| | വികസന ഫണ്ട് ജനറൽ | 7,56,860 രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 5,00,000 രൂപ |
| | തനത് ഫണ്ട് | 2,00,000 രൂപ |
| | കേന്ദ്രാവിഷ്കൃത വിഹിതം(എസ്.ബി.എം) | 2,10,000 രൂപ |
| പേര് | കുട്ടികളുടെ പാർക്ക്-നക്ഷത്രോത്സവം | |

ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ഗ്രാമീണ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നക്ഷത്ര ജലോത്സവ വേദിയിൽ കുട്ടികളുടെ പാർക്കും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ് പ്രോജക്ട്. ഈ പ്രോജക്ട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ ജില്ലാ പഞ്ചായത്ത്, കേന്ദ്ര വിഹിതം എന്നിവ ലഭിച്ചില്ല.

അതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതം മാത്രമുപയോഗിച്ച് നിലവിലെ പാർക്കിന് അകത്തും ചുറ്റിനും നടപ്പാത നിർമ്മാണം, പ്രീഫാബ്രിക്കേറ്റഡ് ടോയിലറ്റ്, കുട്ടികളുടെ കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ എന്നിവ മാത്രമാണ് നടത്തിയത്. ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി ഏകദേശം 30 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് മുകളിൽ പറഞ്ഞ പ്രവൃത്തികൾ ഈ വർഷം ചെയ്ത ചെയ്തത്. ടൂറിസം വകുപ്പിന്റെ വിഹിതം നഷ്ടപ്പെട്ടുമെന്നതിനാലാണ് കളി ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാനുള്ള പ്രവൃത്തി കൂടി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചത്.മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കുക എന്ന ഘടകങ്ങൾ കൂടി ഉള്ളതുകൊണ്ട് ഈ വർഷം നടപ്പാക്കിയ ഈ പ്രോജക്റ്റിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയും പരാമർശം (2) ലെ കത്ത് മുഖേന അഭ്യർത്ഥിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ഗ്രാമീണ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി നക്ഷത്ര ജലോത്സവ വേദിയിൽ കുട്ടികളുടെ പാർക്കും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന പ്രോജക്റ്റ് ടൂറിസം വകുപ്പിന്റെ വിഹിതം നഷ്ടപ്പെട്ടുമെന്നതിനാൽ കളി ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാനുള്ള പ്രവൃത്തി കൂടി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് നടപ്പാക്കിയ പ്രവൃത്തി പലവിധത്തിലുള്ള നിർമ്മാണ പ്രവൃത്തികളുടെ ഒപ്പം കളിയുപകരണങ്ങൾ കൂടി ഉണ്ട് എങ്കിലും സമഗ്ര സ്വഭാവമുള്ള പ്രവൃത്തിയാണെന്നത് പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പട്ടം, തിരുവനന്തപുരം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. സെക്രട്ടറി, വാഴൂർ ഗ്രാമപഞ്ചായത്ത്,കോട്ടയം ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/47/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Smitha. L
Date: 19-03-2025 23:05:26